**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** — **29-01-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ എൻ. സി. സി. നാഷണൽ ട്രെയിനിംഗ് സെന്റർ നിർമ്മാണം ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുട്ടനാട്ടിലെ എൻ. സി. സി. നാഷണൽ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | എൻ.സി.സി. -യ്ക്ക് കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ദേശീയ നിലവാരത്തിലുള്ള നേവൽ ട്രെയ്നിംഗ് സെന്റർ നിർമ്മിക്കുന്നതിന് അനുവദിക്കുകയുണ്ടായി. എൻ.സി.സി. -യുടെ ആവശ്യ പ്രകാരം 5 കേരള നേവൽ ബറ്റാലിയൻ ഓഫീസ് കെട്ടിടവും, 300 കേഡറ്റുകൾക്ക് താമസിച്ച് ജലജന്യ പരിശീലന പ്രവർത്തനങ്ങൾ നടത്താവുന്ന തരത്തിലുള്ള താമസ സൗകര്യങ്ങൾ, ബോട്ട് ഹൗസ് എന്നിവയുടെ രൂപ രേഖയും 12.88 കോടി രൂപയുടെ എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി. -യ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഫെൻസിംഗ് നിർമ്മാണത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത ട്രെയ്നിംഗ് സെന്ററിൽ ഇന്ത്യൻ നേവിയുടെ പ്രാഥമിക പരിശീലനവും ജലത്തിലെ സാഹസിക പരിശീലനവും നടത്താനാവും. കൂടാതെ, പ്രളയ സമയങ്ങളിൽ അടിയന്തര ഘട്ടത്തിൽ ജില്ലാ ഭരണകൂടത്തിന് നേവൽ ട്രെയ്നിംഗ് സെന്റർ രക്ഷാ പ്രവർത്തനങ്ങൾക്ക് ഷെൽട്ടറായും ഉപയോഗിയ്ക്കാവുന്നതാണ്. കൂടാതെ, നേവിയുടെ ബോട്ട് മറ്റ് സുരക്ഷാ ഉപകരണങ്ങൾ എല്ലാം തന്നെ അടിയന്തര ഘട്ടത്തിൽ ഉപയോഗിയ്ക്കാൻ സാധിയ്ക്കും. |
| (ബി) | നിർദിഷ്ട പദ്ധതി പ്രദേശത്ത് തർക്കം നിലനിൽക്കുന്ന പ്രദേശം ഒഴിവാക്കി നിർമ്മാണം ആരംഭിക്കുന്നതിന് പ്രത്യേക നിർദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ബഹു. ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നുണ്ട്. അതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റേയും ഉണ്ട്. ആയതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) | പദ്ധതി പ്രദേശത്തോട് ചേർന്ന് വൈദികർ നടത്തുന്ന | (സി) | റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത ഭൂമിയിൽ |

| | | | |
|---|---|---|---|
| | സ്ഥാപനത്തിന് ബുദ്ധിമുട്ട് ഉണ്ടാകാത്ത നിലയിൽ പദ്ധതി വേഗം നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ബഹു. ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നുണ്ട്. അതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റേയും ഉണ്ട്. ആയതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കുവാൻ സാധിച്ചിട്ടില്ല. |
| (ഡി) | ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വിഭാഗങ്ങളെ എല്ലാം ഉൾപ്പെടുത്തി യോഗം വിളിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ബഹു. ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നുണ്ട്. അതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റേയും ഉണ്ട്. ആയതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ